**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **08-10-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശുഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിള്‍ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കണ്ടെത്തിയ തരിശുഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ള തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ? | (ബി) | ആകെ കണ്ടെത്തിയ 241 ഹെക്ടർ തരിശുഭൂമിയിൽ 40 ഹെക്ടറിൽ താഴെപ്പറയും പ്രകാരം ഈ വർഷം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഴപ്പള്ളി - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 4 ഹെക്ടർ സ്ഥലത്തും ജനകീയാസൂത്രണ പദ്ധതികൾ പ്രകാരം 14 ഹെക്ടർ സ്ഥലത്തും കൃഷി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാടപ്പള്ളി - 2021-22 വർഷത്തിൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 2 ഹെക്ടർ പച്ചക്കറികൃഷിയും കിഴങ്ങുവർഗ്ഗ വികസന പദ്ധതിപ്രകാരം 3 ഹെക്ടറിൽ കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 5 ഹെക്ടർ സ്ഥലത്ത് പുല്ലും പോളയും നീക്കം ചെയ്ത് ബണ്ട് ബലപ്പെടുത്തി നിലം തയ്യാറാക്കി പുഞ്ചകൃഷിയ്ക്കുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു. തൃക്കൊടിത്താനം - 2021-22 വർഷത്തിൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 2 ഹെക്ടർ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. പായിപ്പാട് - 2021-22 വർഷത്തിൽ കൃഷി വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ 10 ഹെക്ടർ പുഞ്ചകൃഷിയ്ക്കുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു, നിലം വൃത്തിയാക്കൽ, ബണ്ട് തെളിക്കൽ, പമ്പിംഗ് എന്നിവ നടന്നു വരുന്നു. RKVY, RIDF, ത്രിതലപഞ്ചായത്ത് പദ്ധതികൾ, ജലസേചന വകുപ്പ് പദ്ധതികൾ എന്നിവ വഴി അടിസ്ഥാന സൗകര്യം ഒരുക്കി ബാക്കിയുള്ള കൃഷി യോഗ്യമായ തരിശു ഭൂമിയിൽ പൂർണ്ണമായും കൃഷി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | പഞ്ചായത്ത് | നിലം (ഹെക്ടർ) | പുരയിടം (ഹെക്ടർ) | ആകെ (ഹെക്ടർ) |
|---|---|---|---|---|
| 1 | വാഴപ്പള്ളി | 40 | 0 | 40 |
| 2 | മാടപ്പള്ളി | 10 | 26 | 36 |
| 3 | ചങ്ങനാശ്ശേരി | 65 | 10 | 75 |
| 4 | തൃക്കൊടിത്താനം | 0 | 15 | 15 |
| 5 | പായിപ്പാട് | 55 | 20 | 75 |
| | **ആകെ** | **170** | **71** | **241** |

| ക്രമ നം | പഞ്ചായത്ത് | നിലം (ഹെക്ടർ) | പുരയിടം (ഹെക്ടർ) | ആകെ (ഹെക്ടർ) |
|---|---|---|---|---|
| 1 | വാഴപ്പള്ളി | 18 | 0 | 18 |
| 2 | മാടപ്പള്ളി | 5 | 0 | 5 |
| 3 | ചങ്ങനാശ്ശേരി | 5 | 0 | 5 |
| 4 | തൃക്കൊടി ത്താനം | 0 | 2 | 2 |
| 5 | പായിപ്പാട് | 10 | 0 | 10 |
| | **ആകെ** | **38** | **2** | **40** |